# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1225** **07-12-2022 - ൽ മറുപടിയ്ക്ക്**

## വെറ്ററിനറി ഹോസ്പിറ്റലുകൾ, ഡിസ്പെൻസറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര വെറ്ററിനറി ഹോസ്പിറ്റലുകളും വെറ്ററിനറി ഡിസ്പെൻസറികളും പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | **അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| (ബി) | മൃഗാരോഗ്യ പരിപാലന രംഗത്ത് അന്താരാഷ്ട്ര നിലവാരം കൈവരിക്കുന്നതിനു എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുവെന്ന് വിശദമാക്കാമോ? | (ബി) | **മൃഗാശുപത്രികളുടെ ശാക്തീകരണം പദ്ധതിയുടെ കീഴിൽ ലാബുകളുടെ ശാക്തീകരണം, മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിന്റെ ശാക്തീകരണം, വെറ്ററിനറി ബയോളജിക്കൽ കോംപ്ലക്സ് പദ്ധതിയുടെ കീഴിൽ വാക്സിനുകളുടെ നിർമ്മാണം, രാത്രികാല വെറ്ററിനറി സേവനം പദ്ധതിയുടെ കീഴിൽ അടിയന്തര വെറ്ററിനറി സേവനം, ടെലി വെറ്ററിനറി യൂണിറ്റുകൾ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എല്ലാ ബ്ലോക്കുകളിലേയ്ക്കും പദ്ധതി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. RKI പദ്ധതിയുടെ കീഴിൽ 12 മൊബൈൽ സർജറി യൂണിറ്റുകൾ സ്ഥാപിച്ച് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിദഗ്ധസേവനം കർഷകന്റെ വാതിൽപ്പടിയിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.** |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | വെറ്ററിനറി ഡിസ്പെൻസറി | വെറ്ററിനറി ആശുപത്രി |
|---|---|---|
| തിരുവനന്തപുരം | 72 | 23 |
| കൊല്ലം | 56 | 22 |
| പത്തനംതിട്ട | 43 | 14 |
| ആലപ്പുഴ | 55 | 18 |
| കോട്ടയം | 58 | 20 |
| ഇടുക്കി | 49 | 9 |
| എറണാകുളം | 75 | 23 |
| തൃശ്ശൂർ | 89 | 22 |
| മലപ്പുറം | 93 | 12 |
| കോഴിക്കോട് | 72 | 13 |
| കണ്ണൂർ | 72 | 11 |
| കാസറഗോഡ് | 35 | 6 |
| വയനാട് | 20 | 6 |
| പാലക്കാട് | 79 | 15 |
| **ആകെ** | **868** | **214** |